## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2442 | 08/12/2015-ൽ മറുപടിക്ക്

# ആദിവാസികളുടെ ജീവിത സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ :<br>,, കെ.കെ.നാരായണൻ :<br>,, പി.ടി.എ. റഹീം :<br>,, പുരുഷൻ കടലുണ്ടി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ആദിവാസി സമൂഹത്തിന്റെ നിലവിലെ ജീവിത സാഹചര്യം സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാർ ആദിവാസി ജനവിഭാഗങ്ങളുടെ നിലവിലെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സമഗ്ര വികസനം ലക്ഷ്യമാക്കിയും വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ [illegible] വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.<br>ഇത്തരം പദ്ധതികളെല്ലാം തന്നെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ജില്ലാ തലത്തിലും വകുപ്പ് തലത്തിലും, വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും അവലോകനം നടത്തി വരുന്നു. |
| (ബി) | പോഷകാഹാരക്കുറവു മൂലമുള്ള ശാരീരിക അവശതകൾ, ശിശുമരണങ്ങൾ, ശാരീരിക ചൂഷണങ്ങൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ്, ശിശുമരണങ്ങൾ, ശാരീരിക ചൂഷണങ്ങൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, വനം, പോലീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക ദുർബല വിഭാഗങ്ങളുടെ പ്രത്യേക പാക്കേജ് അടിയ-പണിയ പാക്കേജ്, ഭക്ഷ്യ സഹായ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം പോഷകാഹാര വിതരണം ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. കൃഷി, കാലിവളർത്തൽ,. ആട്ട വളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾക്കും വകുപ്പ് ധനസഹായവും പ്രോൽസാഹനവും നൽകി വരുന്നു. അടിസ്ഥാന വികസനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി ജന്മ രക്ഷാ പദ്ധതി. അരിവാൾ രോഗികൾക്ക് സമാശ്വാസ ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കിയത് വഴി ആദിവാസി സമൂഹത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ആദിവാസികൾക്ക് സംരക്ഷണം നൽകുമെന്ന വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യവും തൊഴിൽപരവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ സംരക്ഷണം നൽകുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

R.

സെക്ഷൻ ഓഫീസർ